(iii) UNSTARRED QUESTIONS AND ANSWERS

ഐ. എ. എസ്., ഐ. പി. എസ്. ബിരുദം കരസ്ഥമാക്കിയ കേരളീയർ

48 (546) ശ്രീ. പി. കെ. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എ. എസ്., ഐ. പി. എസ് ബിരുദം കരസ്ഥമാക്കാൻ കഴിഞ്ഞ കേരളീയരുടെ സംഖ്യ എത്ര;

(ബി) ഇതിൽ പിന്നോക്ക സമുദായത്തിലും പട്ടിക ജാതി—പട്ടിക വർഗ്ഗത്തിലും പെട്ടവർ എത്ര;

(സി) പേരും സമുദായവും തിരിച്ചുള്ള പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ, ബി, സി) വിവരങ്ങൾ കേന്ദ്രഗവൺമെൻറിൽനിന്നും ശേഖരിച്ചുവരുന്നു.

II. CALLING ATTENTION UNDER RULE 61.

Police firing at Pandanad in Chengannur

മി. സ്പീക്കർ: ഈ മാസം 7—ാം തീയതി അർദ്ധരാത്രിയിൽ ചങ്ങനാശ്ശേരിയിലെ പാണ്ടനാട് എന്ന സ്ഥലത്തു നടന്ന പോലീസു വെടിവയ്പുമൂലം ഒരാൾ മൃതിയടയുകയും, മറെറാരാൾക്കു ഗുരുതരമായ പരിക്കേറെറ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുള്ളതിൻെറ പേരിലുണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. വി. എസ്. അച്യുതാനന്ദൻ, ശ്രീ. ഇ. ജോൺജേക്കബ് എന്നിവർ റൂൾ 61 അനുസരിച്ചും, ശ്രീ. ഇ. എം. ജോർജ് റൂൾ 49 അനുസരിച്ചും നോട്ടീസുകൾ നൽകിയിട്ടുണ്ട്.

9 A. M.

ശ്രീ. അച്യുതാനന്ദനു സംസാരിക്കാം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഈ കഴിഞ്ഞ ഏഴാം തീയതി ചെങ്ങന്നൂരിൽ പാണ്ടനാട് എന്ന സ്ഥലത്തുവച്ചു രണ്ടു കർഷകത്തൊഴിലാളികളുടെ നേരെ അവിടെ ക്യാമ്പു ചെയ്തിരുന്ന പോലീസു വെടിവയ്ക്കുകയുണ്ടായി. ആ വെടിവയ്പിനു പ്രകോപനമായ യാതൊരു സംഭവവും അവിടെയുണ്ടായിട്ടില്ല. അവിടത്തെ കർഷകത്തൊഴിലാളി പ്രവർത്തകരായിട്ടുള്ള രവി, കുഞ്ഞുകുഞ്ഞു എന്നീ ആളുകളുടെ നേതൃത്വത്തിൽ, ഇതിനു മുൻപു കർഷകത്തൊഴിലാളികളുടെ പേരിൽ ഉളവായിട്ടുള്ള കേസുകളുടെ ഡിഫൻസു ഫണ്ടിനുവേണ്ടി, ഇപ്പോൾ കാർഷികത്തൊഴിലാളികൾ കൊയ്ത്തു സമയമായതുകൊണ്ടു വൈകുന്നേരം മാത്രമേ വീട്ടിൽ കാണുകയുള്ളു എന്നുള്ളതു ആസ്പദമാക്കി, എട്ടുമണിമുതൽ ആറേഴുപേർ വീടുവീടാന്തരം കയറി ഫണ്ടു കളക്ടുചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഈ സന്ദർഭത്തിൽ ഒരു കർഷകത്തൊഴിലാളിയുടെ വീട്ടിൽ ദീനരോദനം കേൾക്കുകയും, ഭയാനകമായ എന്തോ അവിടെഅവിടെ നടക്കുന്ന ശബ്ദം കേൾക്കുകയും ചെയ്തതിൻെറ ഫലമായി ഈ തൊഴിലാളി പ്രവർത്തകർ അങ്ങോട്ടുചെന്നു. ആ സന്ദർഭത്തിൽ കുറേ പോലീസുകാർ ആ വീടു പരിശോധിക്കുകയും, സ്ത്രീകളെ

LIBRARY ARCHIVES Kerala Legislative Assembly